"ഭരണഭാഷ - മാതൃഭാഷ"

KSEB
കേരളത്തിന്റെ ഊർജ്ജം

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം ,
CIN : U40100KL2011SGC027424 വെബ്സൈറ്റ്: www.kseb.in
ഫോൺ (ഓഫീസ് ): 0471 2514554 ഇമെയിൽ : safety@kseb.in

**സംഗ്രഹം**

**KSEB Ltd സേഫ്റ്റി വിഭാഗത്തിലെ സേഫ്റ്റി ലെയിസൺ ഓഫീസർ , സേഫ്റ്റി കോഓർഡിനേറ്റർ എന്നീ പേരുകൾ പുനർനാമകരണം ചെയ്യുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

കോർപ്പറേറ്റ് ഓഫീസ് (എസ് ബി യു - ജി /ഇ )

ഓഫീസ് ഉത്തരവ് ( സി. എം. ഡി) നം : 714/ 2018 (സി.എസ്.സി/സേഫ്റ്റി/ 2018/403) തിരുവനന്തപുരം തീയതി :01. 11. 2018.

പരാമർശം : 1. ചീഫ് സേഫ്റ്റി കമ്മീഷണറുടെ 09.10.2018 -ലെ CSC/safety/ 2018-19/ 403 നമ്പർ കുറിപ്പ്
2. B.O (FTD) No.662 /2015 (D (D&S)/ Safety) Dated Tvpm 17.3.2015.

## ഉത്തരവ്

മേൽ സൂചന 2 പ്രകാരമുള്ള ഉത്തരവിൽ സുരക്ഷ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കർത്തവ്യം കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. ടി ഉത്തരവ് അനുസ്സരിച്ച് സേഫ്റ്റി ലെയിസൺ ഓഫീസറായി ചീഫ് എഞ്ചിനിയർ ഓഫീസിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർമാരും സേഫ്റ്റി കോഓർഡിനേറ്റർമാരായി സർക്കിൾ ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനിയർമാരുമാണ് ഉള്ളത്. ടി ഉദ്യോഗസ്ഥർ അവരുടെ മറ്റ് ഔദ്യോഗിക ജോലികൾ കഴിഞ്ഞ് മാത്രമാണ് സേഫ്റ്റിയുടെ ചുമതല മിക്കപ്പോഴും നിർവ്വഹിക്കുന്നത്. സുരക്ഷ വിഭാഗത്തിലെ കോർപ്പറേറ്റ് ഓഫീസിൽ മൂന്ന് എഞ്ചിനിയർമാരാണ് ഉള്ളത്. ഇത് സുരക്ഷാ മേഖലയിലെ പ്രവർത്തനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. നിരവധി അപകടങ്ങൾക്കും അപകടമരണങ്ങൾക്കും കാരണമായ ചങ്ങല ഉപയോഗിച്ചുള്ള എർത്തിംഗ് രീതി മാറ്റി പകരം എക്യുപോട്ടെൻഷ്യൽ ബോണ്ടിംഗ് സമ്പ്രദായം ജീവനക്കാരെ പരിശീലിപ്പിച്ചും അതിനാവശ്യമായ സുരക്ഷ ഉപകരണങ്ങൾ സേഫ്റ്റി കിറ്റ് ആയി എല്ലാ ലൈന്മാൻമാർക്കും നൽകി വരുന്ന ബൃഹത്തായ പ്രവർത്തനം നടന്നു വരുന്നു. ഫുൾ ബോർഡ് തീരുമാനം അനുസ്സരിച്ച് സമാന അപകടങ്ങൾ ആവർത്തിക്കാതിരിക്കാനായി അടുത്ത കാലത്തുണ്ടായ 28 അപകടങ്ങളുടെ വിശകലനവും കേസ് സ്റ്റഡിയും എല്ലാ ജീവനക്കാരിലേക്കും എത്തിക്കാനുള്ള ശിൽപ്പശാലകളും നടന്നു വരുന്നു.

മേൽ സാഹചര്യത്തിൽ 2015-ലെ ബോർഡ് ഉത്തരവിലുള്ള സേഫ്റ്റി വിഭാഗത്തിലെ സേഫ്റ്റി ലെയിസൺ ഓഫീസർ, സേഫ്റ്റി കോഓർഡിനേറ്റർ എന്നീ പേരുകൾ CEA Safety Regulation 2011 റെഗുലേഷൻ 6 (1) (C ) i & ii -നു അനുഗുണമായി പുനർനാമകരണം ചെയ്യുന്നത് ഈ ഉദ്യോഗസ്ഥരെ മറ്റ് ഔദ്യോഗിക കൃത്യനിർവ്വഹണത്തോടൊപ്പം സേഫ്റ്റി വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകാൻ ഉപകരിക്കും.

CEA Safety Regulation 2011 റെഗുലേഷൻ 6 (1) (C ) i & ii ൽ ഒന്നിലധികം സേഫ്റ്റി ഓഫീസർ ഉണ്ടായാൽ ഒരാളെ ചീഫ് സേഫ്റ്റി ഓഫീസർ എന്ന് നാമകരണം ചെയ്യണമെന്നും ചീഫ് സേഫ്റ്റി ഓഫീസർ സീനിയർ ഉദ്യോഗസ്ഥർ ആകണമെന്നും നിഷ്കർഷിക്കുന്നുണ്ട്. ആ നിലയിൽ ഒരു ചീഫ് എഞ്ചിനിയറെ ചീഫ് സേഫ്റ്റി കമ്മീഷണറായി ബോർഡ് നിയമിച്ചിട്ടുണ്ട്. കേരളം മുഴുവൻ സുരക്ഷ പ്രവർത്തനം ഏകോപിപ്പിക്കാനായി ചീഫ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിൽ ഇപ്പോൾ സുരക്ഷ വിഭാഗത്തിലുള്ള സേഫ്റ്റി ലേയിസൺ ഓഫീസർ ( ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഓഫീസ് ഓഫ് ദി ചീഫ് എഞ്ചിനീയർ ) എന്നത് **ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ** എന്നും സേഫ്റ്റി കോഓർഡിനേറ്ററെ (സർക്കിളിലെ എക്സിക്യൂട്ടീവ് എഞ്ചിനിയർ) **ചീഫ് സേഫ്റ്റി ഓഫീസർ** എന്നും പുനർ നാമകരണം

ചെയ്യുകയും ടി നിലയിൽ നെയിം ബോർഡ് സ്ഥാപിക്കുന്നതും ഉചിതമായിരിക്കും. ഈ പുനർനാമകരണം വഴിയുണ്ടാവുന്ന നേട്ടങ്ങൾ ഇവയാണ്.

1. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിയമത്തിന് അനുഗുണമായ നിലയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ സുരക്ഷ ശക്തമായി നടപ്പാക്കാൻ കഴിയും.
2. ജീവനക്കാരുടേയും പൊതുജനങ്ങളുടെയും സുരക്ഷാകാര്യത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന് അതീവ ജാഗ്രതകതയോടെ ഇടപെടാൻ കഴിയും.
3. ടി ഉദ്യോഗസ്ഥരുടെ കൂടുതൽ ശ്രദ്ധയുണ്ടാകുക വഴി അപകടം കുറയും.

ചീഫ് സേഫ്റ്റി കമ്മീഷണറുടെ മേൽ സൂചന കുറിപ്പിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സേഫ്റ്റി വിഭാഗത്തിലെ സേഫ്റ്റി ലെയിസൺ ഓഫീസർ, സേഫ്റ്റി കോഓർഡിനേറ്റർ എന്നീ പേരുകൾ യഥാക്രമം ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ എന്നും ചീഫ് സേഫ്റ്റി ഓഫീസർ എന്ന് പുനർനാമകരണം ചെയ്യുവാനും ടി ഉദ്യോഗസ്ഥർ അവരുടെ ഔദ്യോഗിക പേരിനൊപ്പം പുതുക്കിയ സേഫ്റ്റി ഔദ്യോഗിക പദവി കൂടി ഒട്ടവിൽ കൂട്ടിച്ചേർക്കുവാനും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
ഉത്തരവിൻ പ്രകാരം

ഒപ്പ് /-
പി. ജി. ഉണ്ണികൃഷ്ണൻ
സെക്രട്ടറി (ഭരണം)

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ ഡയറക്ടർ ( ഡി & ഐ റ്റി) യുടെ ടി.എ/ ഡയറക്ടർ ( സേഫ്റ്റി) യുടെ ടി.എ/ എല്ലാ വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്കും/ സി. എ ടു സെക്രട്ടറി (ഭരണം) / ലൈബ്രറി/ സ്റ്റോക്ക് ഫയൽ/ ഫെയർ കോപ്പി സെക്ഷൻ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സേഫ്റ്റി)